കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്

# 2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ടി.എസ്.ആർ.(പി.3)1648/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.
ഫോൺ നമ്പർ -0487 2331249

e-mail: dotsr.ksad@kerala.gov.in
തീയതി.28.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം -ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ 2-3, ഭാഗം 3-ലെ 3-4, 3-9, 3-12 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ് :-</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ടി.എസ്.ആർ.(പി.3)1648/17 തീയതി.28.11.2017

## തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 03.11.2016 മുതൽ 31.3.2017 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.09.17 മുതൽ 19.09.17 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീ.ശിവൻ.പി.എ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.അൻവർ അലി.എ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സിനിലാൽ.എം.ജി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സോന.കെ.സത്യൻ | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ഇ.കെ.മല്ലിക | 1.04.16 മുതൽ 31.03.17 വരെ |
| സെക്രട്ടറി | പി.വി.സാബു | 1.04.16 മുതൽ 21.12.16 വരെ |
| | കെ.എസ്.രാംദാസ് | 21.12.16 AN മുതൽ 31.03.17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് | | |
|---|---|---|
| പേര് | ഔദ്യോഗിക മേൽ വിലാസം | കാലയളവ് |
| ലിപ്സി ജോസ് | അസിസ്റ്റൻറ് സെക്രട്ടറി | 1/04/16 – 31/03/17 |
| തങ്കരാജ്.എൻ.കെ | കൃഷി ഓഫീസർ | 01/04/16 - 31/03/17 |
| പ്രകാശൻ | അസിസ്റ്റൻറ് എൻജിനീയർ | 01/04/16 - 31/03/17 |
| അബ്ദുൾ ലത്തീഫ് | വെറ്ററിനറി സർജൻ | 01/04/16 - 26/09/16 |
| സുഷിൽ കുമാർ | | 26/09/16 AN- 31/03/17 |
| മുംതാസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01/04/16 - 31/03/17 |
| ശ്രീജിത്ത് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01/04/16 - 1/06/16 |
| രജിത | | 02/06/16 - 31/03/17 |
| സുജാത | മെഡിക്കൽ ഓഫീസർ, ആയുർവേദം, ശാന്തിപുരം | 01/04/16 - 01/02/17 |
| സലജകുമാരി | | 01/02/17 AN - 31/03/17 |
| മുഹസ്.കെ.കരീം | മെഡിക്കൽ ഓഫീസർ, ആയുർവേദം, പനങ്ങാട് | 01/04/16 - 31/03/17 |
| ശ്രീജ | വി.ഇ.ഒ., പനങ്ങാട് | 01/04/16 - 31/03/17 |
| സുജാത | വി.ഇ.ഒ., ആല | 01/04/16 - 31/03/17 |
| സുജാത | വി.ഇ.ഒ., പി.വെമ്പല്ലൂർ (ചാർജ്) | 01/04/16 - 8/01/17 |
| രാജീവ് | വി.ഇ.ഒ., പി.വെമ്പല്ലൂർ | 09/01/17 - 31/03/17 |
| അൻസിൽ.പി.എം. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01/04/16 - 06/06/16 |
| സുനിൽകുമാർ | | 07/06/16 - 18/09/16 |
| ആശമോൾ ആന്റണി | | 19/09/16 - 31/03/17 |
| ഹേമലത | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01/04/16 - 31/03/17 |
| പ്രശാന്ത് | ഡയറി ഫാം ഇൻസ്പെക്ടർ (01.04.16 മുതൽ 18.09.16 വരെ ഒഴിവ്) | 19/09/16 - 31/03/17 |

| | | |
|---|---|---|
| ഓമന കെ.ജെ | എച്ച്.എം., ജി.എൽ.പി.എസ്.<br>പി വെമ്പല്ലൂർ | 01/04/16 - 31/03/17 |

ഉള്ളടക്കം



| ക്രമ നമ്പർ | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ക്ഷേമ പെൻഷനുകൾ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഇ-ടെണ്ടർ വരവ് പഞ്ചായത്തിന്റെ തനതു വരുമാനമാക്കേണ്ടതാണ് | 2-1 |
| 13 | വാടക - തനതുവരുമാനം ഉറപ്പാക്കുന്നില്ല | 2-2 |
| 14 | വാടക കുടിശ്ശിക 266502 രൂപ - തുടർനടപടി അറിയിക്കേണ്ടതാണ് | 2-3 |
| 15 | വാടക, ലേലം ബൈലോ തയ്യാറാക്കേണ്ടതാണ് | 2-4 |
| 16 | ലേലം വ്യവസ്ഥ പാലിക്കുന്നില്ല | 2-5 |
| 17 | തൊഴിൽ നികുതി - ഈടാക്കേണ്ടതാണ് | 2-6 |
| 18 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക | 2-7 |
| 19 | പെർമിറ്റ് രജിസ്റ്റർ ക്രമമായി സൂക്ഷിച്ചിട്ടില്ല | 2-8 |
| 20 | ബിൽഡിങ്ങ് പെർമിറ്റ് – നിരാക്ഷേപപത്രം, സമ്മതപത്രം എന്നിവകളിൽ പൊരുത്തക്കേട് | 2-9 |
| 21 | ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല | 3-1 |
| 22 | സ്ഥലം അളന്ന് തിട്ടപ്പെടുത്തൽ - തുടർ നടപടി | 3-2 |
| 23 | അസിസ്റ്റന്റ് എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടത്തിയ പദ്ധതികളിന്മേലുള്ള പരാമർശങ്ങൾ | 3-3 |

| | | |
|---|---|---|
| 24 | റീടാറിങ് പ്രവൃത്തി - തകരാറിലായി | 3-4 |
| 25 | ബയോബിൻ സ്ഥാപിക്കൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല - നടപ്പാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല | 3-5 |
| 26 | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ ലക്ഷ്യമിട്ടതു പ്രകാരം പദ്ധതി പൂർത്തീകരിച്ചിട്ടില്ല –മോണിറ്ററിംഗ് നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല | 3-6 |
| 27 | ഔഷധിയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം | 3-7 |
| 28 | ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾ നടപ്പാക്കുന്നതിലെ അലംഭാവം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം | 3-8 |
| 29 | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 3-9 |
| 30 | എസ്.എസ്.എ.ക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-10 |
| 31 | സ്കൂളുകളിലേക്ക് പാത്രങ്ങൾ, മൈക്ക് സെറ്റ് വാങ്ങൽ-കരാറിലേർപ്പെട്ടിട്ടില്ല – പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല | 3-11 |
| 32 | മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സ്കൂളുകൾക്ക് പത്രങ്ങളും ആനുകാലികങ്ങളും വിതരണം ചെയ്തതിന് തുക ചെലവഴിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-12 |
| 33 | വൈദ്യുതോപകരണങ്ങൾ വാങ്ങൽ – ഇ-ടെണ്ടർ നടപടി സ്വീകരിച്ചില്ല | 3-13 |
| 34 | സ്റ്റോക്ക് രജിസ്റ്റർ ശരിയായി പാലിക്കാൻ നടപടി സ്വീകരിക്കണം | 3-14 |
| 35 | സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-15 |
| 36 | കാർഷിക പദ്ധതികളിലെ ഗുണഭോക്തൃവിഹിതം അക്കൗണ്ട് ചെയ്തിട്ടില്ല | 3-16 |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 46 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് 2016-2017

1. പാസ്സാക്കിയ തിയതി -02/03/2016
2. കമ്മറ്റി തീരുമാനം -1
3. പ്രതീക്ഷിത വരവ് -167211109
4. പ്രതീക്ഷിത ചെലവ് -166905239

റിവൈസ്ഡ് ബജറ്റ് 2016-2017

1. പാസ്സാക്കിയ തിയതി - 15/03/2017
2. കമ്മറ്റി തീരുമാനം -6(2) (1)
3. പ്രതീക്ഷിത വരവ് -183557278
4. പ്രതീക്ഷിത ചെലവ് -201507984

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 28.07.17 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

1. നാളിതുവരെയുള്ള ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തിയിട്ടില്ല.

2. സഞ്ചയയിലെ ഡി.സി.ബി. കണക്കുകളും വാർഷിക കണക്കിലെ വസ്തു നികുതി കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2016-17-ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് & പെയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 9627503 |
| വരവ് | ₹ 68977510 |
| ആകെ | ₹ 78605013 |
| ചെലവ് | ₹ 58198281 |
| നീക്കിയിരിപ്പ് | ₹ 20406732 |

# 1-5 ഫണ്ട് വിനിയോഗം

| വിവിധ ഫണ്ടുകളുടെ വിനിയോഗം | | | | |
|---|---|---|---|---|
| ഫണ്ട് ഇനം | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
| വികസന ഫണ്ട് ജനറൽ | 16956452 | 11961561 | 4994891 | 70.54 |
| എസ്.സി.പി. | 8783097 | 7039421 | 1743676 | 80.15 |
| ടി.എസ്.പി. | 0 | 0 | 0 | 0 |
| സി.എഫ്.സി. | 9509862 | 5042706 | 4467156 | 53.03 |
| ലോകബാങ്ക് സഹായം കേന്ദ്ര വിഹിതം | 5241946 | 3885029 | 1356917 | 74.11 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 8382234 | 3331828 | 5050406 | 39.75 |
| നോൺ റോഡ് | 5421144 | 3630167 | 1790977 | 66.96 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 176 | 72991090 | 91 | 41561849 | 64 | 21 | 51.7 % |

## 1-7 തനത് വരുമാനം

| ഇനം | മുൻ വർഷത്തെ വരവ് | തൻ വർഷത്തെ വരവ് | വ്യത്യാസം | വ്യത്യാസം ശതമാനത്തിൽ |
|---|---|---|---|---|
| നികുതി വരവുകൾ | 4402063 | 8967490 | 4565427 | 103.7 |
| നികുതിയിതര വരവുകൾ | 1286207 | 1502452 | 216245 | 16.81 |
| മറ്റു വരവുകൾ | 1177384 | 1261910 | 84526 | 7.18 |
| ആകെ | 6865654 | 11731852 | 4866198 | 70.87 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.09.2017 തിയതിയിൽ 3.30 PMന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23242/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ക്ഷേമ പെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 89400 | 64 |
| കർഷക തൊഴിലാളി പെൻഷൻ | 3173540 | 314 |
| വിധവ പെൻഷൻ | 21655450 | 1657 |
| വാർദ്ധക്യകാല പെൻഷൻ | 25492660 | 1952 |
| വികലാംഗ പെൻഷൻ | 3844580 | 370 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1161230 | 100 |

## 1-10 ആഭ്യന്തര നിയന്ത്രണം

ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 29/08/2017 | ജൂൺ, ജൂലൈ മാസങ്ങൾ | 08/08/2017-ൽ ഫെബ്രുവരി മാസം വരെ റിപ്പോർട്ട് ലഭിച്ചു |
| അക്കൗണ്ടൻറ് ജനറൽ | 28/07/2015 | 2010-11 മുതൽ 2014-15 വരെ | 17/09/2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ വരവ് പഞ്ചായത്തിന്റെ തനതു വരുമാനമാക്കേണ്ടതാണ്.

2016-17 സാമ്പത്തിക വർഷം 13 പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ വാറ്റ് തുക ഉൾപ്പെടെ 60165/- രൂപയാണ്. ഇതിൽ വാറ്റ് തുകയായ 2865/- രൂപ കിഴിച്ച് 57300/- രൂപ തൃശ്ശൂർ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാകാനുണ്ട്. ടി തുക ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 വാടക - തനതുവരുമാനം ഉറപ്പാക്കുന്നില്ല

ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ താഴെപറയുന്ന കടമുറികൾക്ക് ഏപ്രിൽ 2016 മുതൽ ഒരു വർഷത്തേക്ക് വാടക ഉടമ്പടി ചമച്ചിട്ടുള്ളതാണ്. എന്നാൽ കരാർ കാലാവധി കഴിഞ്ഞിട്ടും വാടക അടവാക്കാതേയും കരാർ പുതുക്കാതേയും ഈ മുറികൾ കൈവശംവച്ച് പോരുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കരാറുകാരൻ | പ്രതിമാസ വാടക | കുടിശ്ശിക |
|---|---|---|---|---|
| 1 | 5/483 | പി.കെ.ധർമ്മപാലൻ | 1149 | 4/16 മുതൽ 3/17 വരെ |
| 2 | 5/484 | പി.കെ.ധർമ്മപാലൻ | 842 | 3/17 |
| 3 | 4/519 | പി.കെ.ഷൈലജൻ | 1391 | 3/17 |
| 4 | 5/530A | രാജി സുരേഷ് | 2000 | 7/16 മുതൽ 3/17 വരെ |
| 5 | 5/530B | രാജി സുരേഷ് | 1500 | 7/16 മുതൽ 3/17 വരെ |

വാടക അടവാക്കാത്ത ഈ കടമുറികളിൽ നിന്നും നാളിതുവരെ തുക ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിനായില്ല. കരാർ കാലാവധി അവസാനിച്ച ഈ കടമുറികൾ ലേലം ചെയ്യാൻ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചതായും കാണുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വാടക കുടിശ്ശിക 266502/- രൂപ - തുടർനടപടി

## അറിയിക്കേണ്ടതാണ്

ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സിലെ 5/527 (പഴയ നമ്പർ 525 എ) കടമുറി 10.10.14-ൽ ലേലം നടന്നിട്ടുള്ളതും കൂടുതൽ തുകയ്ക്ക് ലേലം വിളിച്ച (18100/- രൂപ) പോനാക്കുഴി യൂസഫ് ഭാര്യ റഹിയാനത്ത് എന്നവരുടെ ലേലം 16.10.14-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 14-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും ഒരു വർഷത്തേക്ക് 14.11.14-ൽ കരാർ ചമച്ചിട്ടുള്ളതുമാണ്. കാലാവധി കഴിഞ്ഞിട്ടും വാടക അടവാക്കുകയോ എഗ്രിമെന്റ് പുതുക്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ കുടിശ്ശിക അടവാക്കി എഗ്രിമെന്റ് പുതുക്കുന്നതിന് നോട്ടീസ് നല്കിയെങ്കിലും ടിയാരി തുക അടവാക്കുകയുണ്ടായില്ല. 18.2.16-ലെ 7(1) തീരുമാനപ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ അടവാക്കിയ 54300/- രൂപ വാടകയിലേക്ക് വരവു വെയ്ക്കുന്നതിനും ബാക്കി തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. തുടർന്ന് 5.3.16-ന് 266502/- രൂപയ്ക്ക് R.R ഡിമാന്റ് നോട്ടീസ് നൽകുകയും 7.4.16-ന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി ബഹു.ജില്ലാ കളക്ടർക്ക് 28.5.16-ന് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ജില്ലാ കളക്ടർ R.R നടപടികൾ സ്വീകരിക്കുന്നതിന് വില്ലേജ് ഓഫീസർ പനങ്ങാടിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. റവന്യൂ റിക്കവറി നടപടിക്കെതിരെ ടിയാരി ബഹു.ഹൈക്കോടതിയിൽ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിനെ 1-ാം കക്ഷിയായും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ 2-ാം കക്ഷിയായും ഫയൽ ചെയ്തിട്ടുള്ള WP(C)22232/2016(D) നമ്പർ കേസിൽ 7.9.16-ന് മറ്റൊരു ഉത്തരവുണ്ടാകുന്നതുവരെ R.R നടപടിക്ക് സ്റ്റേ ഓർഡർ വാങ്ങിയിട്ടുള്ളതാണ്. കേസിന്റെ അന്തിമ തീർപ്പിനനുസൃതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

## 2-4 വാടക, ലേലം ബൈലോ തയ്യാറാക്കേണ്ടതാണ്

നാഷണൽ ഹൈവേയോട് ചേർന്ന് സ്ഥിതിചെയ്യുന്ന പഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സ്, മറ്റ് ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങൾ എന്നിവയിൽ നിന്ന് 9 ലക്ഷത്തിലധികം രൂപ വാടക ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്നുണ്ട്. എന്നാൽ ഇതിനായി ഗ്രാമപഞ്ചായത്ത് ബൈലോ തയ്യാറാക്കിയിട്ടില്ല. 1995-ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ) ചട്ടങ്ങൾ പ്രകാരം ബൈലോ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 ലേലം വ്യവസ്ഥ പാലിക്കുന്നില്ല

2017-18 സാമ്പത്തിക വർഷത്തേക്കുള്ള പരസ്യനികുതി ലേലം, മാർക്കറ്റ് പിരിവ് ലേലം 30.3.17-ന് നടന്നിട്ടുള്ളതാണ്. ലേല നോട്ടീസിൽ ലേല സംഖ്യയുടെ 1/3 ലേലം ഉറപ്പിക്കുന്ന ഉടനേയും, 1/3 തുക ലേലം സ്ഥിരപ്പെടുത്തി എഗ്രിമെന്റ് വയ്ക്കുമ്പോഴും ബാക്കി തുക 30 ദിവസത്തിനുള്ളിൽ അടവാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. 30,000/- രൂപ 30.03.17-നും 30,100/- രൂപ എഗ്രിമെന്റ് തീയതിയിലും അടവാക്കിയിട്ടുണ്ടെങ്കിലും ലേല തുകയുടെ ബാക്കി തുകയായ 30,000/- രൂപ ഓഡിറ്റ് വേളയിലും അടവാക്കിയിട്ടില്ല. ലേല വ്യവസ്ഥ പാലിക്കാതെ തുക അടവാക്കുന്ന രീതി ശരിയല്ല. ലേല വ്യവസ്ഥ പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട വരവ് കാലതാമസം കൂടാതെ ലഭ്യമാകേണ്ടതുണ്ട്. ലഭ്യമാകാത്ത ലേല തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലേല ഇനം | ലേല തുക | അടവാക്കിയത് | അടവാക്കാനുള്ളത് |
|---|---|---|---|
| പരസ്യനികുതി | 90100 | 60100 | 30000 |
| മാർക്കറ്റ് പിരിവ് | 143000 | 29000 | 114000 |

ഗ്രാമപഞ്ചായത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾക്ക് ഉതകുന്ന തനത് വരുമാനം കാലതാമസം കൂടാതെ ലഭ്യമാവേണ്ടതാണ്. ലേല വ്യവസ്ഥ പ്രകാരം തുക ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 തൊഴിൽ നികുതി - ഈടാക്കേണ്ടതാണ്

1. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ അൽ ഇസ്ലാം ഓഡിറ്റോറിയം ഒന്നാം അർദ്ധ വർഷ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

2. ശാന്തിപുരം പോസ്റ്റ് ഓഫീസ് ജീവനക്കാരുടെ രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

3. വി.വി.യു.പി.സ്കൂൾ, കോതപറമ്പ് സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺസ് പ്രകാരം സ്കൂൾ ജീവനക്കാരിയായ എം.എൻ.ഷീനയുടെ appointment not approved എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് ടി ജീവനക്കാരിയിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

# 2-7 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക

2016-2017 വരെ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട മൊബൈൽ ടവറുകളുടെ വസ്തുനികുതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിട ഉടമ | കുടിശ്ശിക | കാലയളവ് |
|---|---|---|---|
| 5/323 | വിറോസ് ഷെൽഡൻ | 64260 | 2013-2017 |
| 5/345 | വെങ്കിടേശ്വര പൈ | 78540 | 2013-2017 |
| 5/398 | ശിരോമണി | 63000 | 2013-2017 |
| 7/400 | റിലയൻസ് മൊബൈൽ | 127052 | 2013-2017 |
| 7/615 | എയർസെൽ | 36518 | 2011-2017 |
| 8/27 | സുബൈദ | 40320 | 2013-2017 |
| 11/105 | ബഷീർ | 45102 | 2011-2017 |
| 11/498 | കുഞ്ഞുമൊയ്തീൻ | 75600 | 2013-2017 |
| ആകെ | | 5,30,392 | |

കുടിശ്ശിക തുക ഈടാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# 2-8 പെർമിറ്റ് രജിസ്റ്റർ ക്രമമായി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ പെർമിറ്റ് രജിസ്ററർ തീയ്യതി അനുസരിച്ച് ക്രമാനുഗതമായിട്ടല്ല സൂക്ഷിച്ചിട്ടുള്ളത്. ക്രമ നമ്പർ 210 പ്രകാരമുള്ള അപേക്ഷ 31/3/17-ലെ 4050/17 നമ്പറിലുള്ളതാണ്. ഇതിന് ശേഷം വരുന്ന ക്രമ നം. 211, 212 എന്നിവ പ്രകാരമുള്ള അപേക്ഷകൾ യഥാക്രമം നം.1417/17, 848/17 എന്നിവ 9/2/17, 25/1/17 തീയ്യതിയിലുള്ളതും അവസാന ക്രമ നമ്പർ ആയ 222 പ്രകാരമുള്ള 10331 നമ്പർ അപേക്ഷ 26/2/17 തീയ്യതിയിലുള്ളതുമാണ്. പെർമിറ്റ് രജിസ്റ്ററിൽ കെട്ടിടം പണി പൂർത്തീകരിച്ചതിന്റെയോ കെട്ടിട നികുതി നിർണയിച്ചതിന്റെയോ പെർമിറ്റ് പുതുക്കുന്നതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. 2013-14 വർഷത്തെ പെർമിറ്റ് മൂന്ന് വർഷത്തിനുള്ളിൽ പണി പൂർത്തീകരിക്കാത്തപക്ഷം പെർമിറ്റ് പുതുക്കേണ്ടതാണ്. 2013-14-ലെ രജിസ്റ്റർ പ്രകാരം യാതൊരു കെട്ടിടങ്ങളുടെയും പണി പൂർത്തീകരിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് പൂർത്തീകരണത്തിന്റെ യഥാർഥ ചിത്രം പ്രതിഫലിപ്പിക്കുന്നില്ല. ആയതിനാൽ രജിസ്റ്റർ ആധികാരികമല്ല എന്ന് പറയാം.

രജിസ്റ്റർ ക്രമപ്രകാരം എഴുതി സൂക്ഷിക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതും എത്രയും വേഗം ആയത് ആധികാരികമായി രേഖപ്പെടുത്തുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-9 ബിൽഡിങ്ങ് പെർമിറ്റ് - നിരാക്ഷേപപത്രം, സമ്മതപത്രം എന്നിവകളിൽ പൊരുത്തക്കേട്

ഫയൽ നം.A1-7756/16/19/1/17 പ്രകാരം ശ്രീമതി.സൈരാനാഥ്, പുളിപ്പറമ്പിൽ സഞ്ജയ് ഭാര്യ, പി.ഒ.കോതപറമ്പ് എന്നവർ ശ്രീനാരായണപുരം വില്ലേജിൽ സർവെ നം.40/4B2, 40/4C2-വിലെ 22 സെന്റ് സ്ഥലത്ത് 374.58 $m^2$ വിസ്തീർണ്ണത്തിൽ നിലവിലെ കെട്ടിടത്തിന്റെ മുകളിൽ വ്യാവസായിക ആവശ്യത്തിനായി കെട്ടിടം പണിയുന്നതിന് അപേക്ഷ സമർപ്പിച്ചത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 8/2/17-ന് അനുമതി നൽകി. ഗ്രാമപഞ്ചായത്തിലെ ദേശീയപാത കടന്നുപോകുന്ന പൊരിബസാർ എന്നസ്ഥലത്താണ് പ്രസ്തുത സ്പോട്ട്. ഇതിനായി കൊടുങ്ങല്ലൂരിലെ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ 3/1/17-ലെ D1-3801/16 നമ്പർ നിരാക്ഷേപപത്രം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ലഭിച്ചിരുന്നു. ഈ നിരാക്ഷേപപത്രത്തിൽ 40/4B2 എന്ന സർവെ നമ്പറിലുള്ള സ്ഥലം മേത്തല വില്ലേജിൽ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ നിരാക്ഷേപപത്രത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ളതും നാഷ്ണൽ ഹൈവേ (ബി) ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ മുമ്പാകെ ശ്രീമതി.സൈരാനാഥ് 3/1/17-ന് ഹാജരാക്കിയ സമ്മതപത്രത്തിലും മേത്തല വില്ലേജിൽ 40/4B2, 40/4C2 സർവെ നമ്പറിൽപെട്ട സ്ഥലമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ കെട്ടിട നിർമ്മാണാനുവാദം, നിരാക്ഷേപ പത്രം, സമ്മതപത്രം എന്നിവകളിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ഈ പൊരുത്തക്കേട് സംഭവിച്ചതിന്റെ കാരണം അന്വേഷിക്കേണ്ടതും ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല

പ്രോജക്ട് നമ്പർ - S0036/17

ട്രഷറി ബിൽ നമ്പർ - 1/16-17/25.2.17/ 150000/-

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ഹോമിയോ

മരുന്നുകൾ ലഭ്യമാക്കുന്നതിനായി മേൽ ബിൽപ്രകാരം 150000/- രൂപ കേരളാ ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 സ്ഥലം അളന്ന് തിട്ടപ്പെടുത്തൽ - തുടർ നടപടി

വി.കെ.എസ്.എം.എം. ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പരിസരവാസികൾ അവകാശവാദമുന്നയിക്കുന്ന സാഹചര്യത്തിൽ ആശുപത്രി കോമ്പൗണ്ട് അളന്ന് ചുറ്റുമതിൽ കെട്ടിതരുന്നതിന് നടപടി സ്വീകരിക്കണമെന്ന മെഡിക്കൽ ഓഫീസറുടെ അപേക്ഷ പ്രകാരം ആല വില്ലേജ് 8-ാം വാർഡ് 38/B, 1B2 സർവ്വെ നമ്പറിലുള്ള സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിന് ആല വില്ലേജ് ഓഫീസർക്ക് 2.6.16-ന് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ ലഭ്യമല്ല. സ്ഥലം അളന്ന് തിട്ടപ്പെടുത്തി ഉടമസ്ഥാവകാശം ഉറപ്പാക്കേണ്ടതുമാണ്.

## 3-3 അസിസ്റ്റന്റ് എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടത്തിയ പദ്ധതികളിന്മേലുള്ള പരാമർശങ്ങൾ

1. മരാമത്ത് പദ്ധതികളുടെ നടത്തിപ്പ് - ചെലവ് 45% മാത്രം

സാമ്പത്തിക വർഷം 75 പദ്ധതികളുടെ നടത്തിപ്പിനായി 20963587/- രൂപ വകയിരുത്തിയെങ്കിലും 34 പദ്ധതികൾക്കായി 10903498/- രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. 55% പ്രവൃത്തികൾക്കും യാതൊരു തുകയും തൻവർഷം ചെലവുണ്ടായില്ല. മാത്രമല്ല, അടങ്കൽ തുകയുടെ 36.83% തുക മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂതാനും. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റുന്നതിനായി സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കേണ്ടതാണ്. സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാൻ താമസം വരുന്നപക്ഷം, പൂർത്തീകരിക്കാൻ കഴിയുമെന്ന് ഉറപ്പുള്ള പദ്ധതികൾ മാത്രം ആവിഷ്കരിച്ച് നടപ്പിലാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

2. അംഗൻവാടികളുടെ അറ്റകുറ്റപ്പണി – ഇ-ടെണ്ടർ ഒഴിവാക്കാൻ വിഭിന്ന പ്രൊജക്റ്റുകൾ നടപ്പാക്കി.

തൻവർഷം അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഗ്രാന്റ് ഉപയോഗിച്ച് നാലു പ്രൊജക്റ്റുകൾ പ്രകാരമാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഇതിന് വേണ്ടി നാലു പദ്ധതികളുടെയും അടങ്കൽ അഞ്ച് ലക്ഷത്തിൽ കുറവ് പ്രകാരം തയ്യാറാക്കിയാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. എല്ലാ പ്രൊജക്റ്റുകൾക്കും അടങ്കൽ നിരക്കിലുള്ള ടെണ്ടറുകളാണ് ലഭിച്ചിട്ടുള്ളത്. ഒരൊറ്റ പ്രൊജക്റ്റ് പ്രകാരം ആ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നുവെങ്കിൽ ഒരുപക്ഷെ കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകൾ ലഭ്യമാകുമായിരുന്നേനെ. പദ്ധതികൾ വിഭജിച്ച് നടപ്പാക്കിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ | പ്രവൃത്തി |
|---|---|
| 203/17- 110, 111 നമ്പർ അംഗൻവാടികളുടെ അറ്റകുറ്റപ്പണി | 495000 |
| 212/17- 117, 133, 113 നമ്പർ അംഗൻവാടികളുടെ അറ്റകുറ്റപ്പണി | 490000 |
| 211/17- 125, 121, 106, 119 നമ്പർ അംഗൻവാടികളുടെ അറ്റകുറ്റപ്പണി | 376000 |
| 201/17- 129, 114, 136, 108 നമ്പർ അംഗൻവാടികളുടെ അറ്റകുറ്റപ്പണി | 495000 |

ഇ-ടെണ്ടർ നടപടികൾ ഒഴിവാക്കുന്നതിനായി കുറഞ്ഞ അടങ്കൽ തയ്യാറാക്കി പ്രൊജക്റ്റുകൾ നടപ്പാക്കാനുണ്ടായ കാരണം വിശദമാക്കേണ്ടതാണ്.

## 3-4 റീടാറിങ് പ്രവൃത്തി - തകരാറിലായി

പ്രൊജക്റ്റ് നമ്പർ - 135/15, ആമണ്ടൂർ-വെഴവന-ആമണ്ടൂർ ഓളിപ്പള്ളി റോഡ് റീടാറിങ്

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയർ ശ്രീ.സി.എസ്.പ്രകാശന്റെ സാന്നിദ്ധ്യത്തിൽ 19/9/17-ന് നടത്തിയ സ്ഥല പരിശോധനയിൽ, ചെയ്ത പ്രവൃത്തിക്ക് ഗുണനിലവാരമില്ല എന്ന് കണ്ടു. റോഡിന്റെ പല ഭാഗത്തും സീൽകോട്ട് നഷ്ടപ്പെട്ട് പോയിരുന്നു. സീൽകോട്ട് കാര്യക്ഷമമായി ചെയ്യാത്തത് മൂലം റോഡിന്റെ അരികുകളിൽ മെറ്റലിന് വളരെയധികം ഇളക്കം സംഭവിച്ചിരുന്നു. ചിലയിടങ്ങളിൽ മെറ്റലുകൾ ചിന്നിച്ചിതറിക്കിടന്നിരുന്നു. 29/3/17-ന് പൂർത്തിയാക്കിയതായിരുന്നു ഈ പ്രവൃത്തി.

മറ്റു വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

കരാറുകാരൻ – ശ്രീ. നന്ദകുമാർ, പെഴോലിൽ ഹൗസ്, പി.ഒ.പനങ്ങാട്.

കരാർ - 20/16-17/AE/SNP/6/1/17, അടങ്കൽ-450000/-

അളവുപുസ്തകം – 221/16-17

ബിൽ നമ്പർ - 30/30.3.17 - 449382

റോഡ് റിപ്പയർ ചെയ്ത് ശരിയാക്കണമെന്ന് കാണിച്ച് അസിസ്റ്റന്റ് എൻജിനീയർ 8/8/17-ന് കത്തയച്ചിട്ടുണ്ട്. അപാകതകൾ കുറ്റമറ്റ രീതിയിൽ പരിഹരിക്കുന്നത് വരെ കരാറുകാരന്റെ സുരക്ഷിത നിക്ഷേപം തടഞ്ഞു വെക്കേണ്ടതാണ്.

## 3-5 ബയോബിൻ സ്ഥാപിക്കൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല - നടപ്പാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ S0234/17 ജനറൽ, 236/17 പട്ടികജാതി വിഭാഗങ്ങൾക്ക് ബയോബിൻ വാങ്ങുന്നതിനായി ബിൽ നമ്പർ 1249, 1254/ 29.3.17 പ്രകാരം 107640, 18720 എന്നിങ്ങനെ ആകെ 1,26,360/- രൂപ IRTC മുണ്ടൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 20.3.17-ലെ നം.652/TS/67/DSM കത്ത് പ്രകാരം പദ്ധതി നിർവ്വഹണത്തിന് ശുചിത്വ മിഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. IRTC ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ട 27.3.17-ലെ IRTC-PIU/099/286/17 കരാർ പ്രകാരം 1,800/- രൂപ നിരക്കിൽ 350 ബയോബിൻ സ്ഥാപിക്കുന്നതിനും രണ്ട് മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പാക്കിയതിന്റെ വിവരങ്ങൾ, മോണിറ്ററിംഗ് റിപ്പോർട്ട്, പർച്ചേയ്സ് ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 1,26,360/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ ലക്ഷ്യമിട്ടതു പ്രകാരം പദ്ധതി പൂർത്തീകരിച്ചിട്ടില്ല - മോണിറ്ററിംഗ് നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി നമ്പർ 64/17 പ്രകാരം 63 ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ പദ്ധതിക്ക് ശുചിത്വമിഷൻ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ ഗുണഭോക്തൃ വിഹിതം അടവാക്കിയ 37 പേർക്ക് 8500/- രൂപ നിരക്കിൽ തുക കണക്കാക്കി. തൻവർഷത്തിൽ തനതു ഫണ്ടിൽ നിന്നും 3,14,500/- നിർവ്വഹണ ഏജൻസിയായ SEUF, തൃശ്ശൂരിന് നൽകിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം അടവാക്കിയ 37 പേർക്ക് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു നൽകിയതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

## 3-7 ഔഷധിയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം

മെഡിക്കൽ ഓഫീസർ ആയുർവേദം നടപ്പാക്കിയ പദ്ധതി പ്രകാരം പനങ്ങാട് ആയുർവേദാശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി പ്രോജക്ട് നം. 235/17 പ്രകാരം 3,00,000/- രൂപ ബിൽ നം. 1123/1.3.17 ആയി പിൻവലിച്ച് ഔഷധിക്ക് നൽകിയിട്ടുണ്ടെങ്കിലും 2,42,205/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. 57,795/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല. ഔഷധി വിതരണം ചെയ്ത ബിൽ നം. 4930/29.3.17 ക്രമനം. 15 ആയി 99 കുപ്പി പുനർനവാസവം, ക്രമ നമ്പർ 16 ആയി 100 കുപ്പി ബലാരിഷ്ടം എന്നിവ വിതരണം ചെയ്തതായി ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ വാങ്ങുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള രണ്ട് ആശുപത്രികൾക്കും ലഭിച്ച സർട്ടിഫിക്കറ്റിൽ മരുന്നുകളുടെ പേര് രേഖപ്പെടുത്തിയിട്ടില്ല. ഔഷധിയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം

## 3-8 ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായ

## പ്രോജക്ടുകൾ നടപ്പാക്കുന്നതിലെ അലംഭാവം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം

സാമ്പത്തിക വർഷത്തിൽ s0119/17 പദ്ധതി പ്രകാരം മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചറുകൾ നൽകുന്നതിനായി 1,60,000/- രൂപ എസ്റ്റിമേറ്റിൽ പദ്ധതി തയ്യാറാക്കിയിരുന്നെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല. ഇതേ രീതിയിൽ s0182/17 പ്രകാരം മത്സ്യതൊഴിലാളികൾക്ക് വഞ്ചി നൽകുന്നതിനായി 210,000/- രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും തൻവർഷത്തിൽ ആകെ 55000/-രൂപ മാത്രമാണ് ചെലവഴിച്ചു കാണുന്നത്. പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ അലംഭാവമുള്ളതായി കാണുന്നു. പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

എച്ച്.എം., ജി.എൽ.പി.എസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ട് നം. 110/17, 237/17 എന്നീ പദ്ധതികൾ പ്രകാരം എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകുന്നതിനായി ടെണ്ടർ ക്ഷണിച്ചതനുസരിച്ച് 19.1.17-ന് ലഭിച്ച ഏക ടെണ്ടർ നെറ്റ്കോം മാർക്കറ്റിംഗ് സർവ്വീസസ് എന്ന സ്ഥാപനത്തിൽ നിന്നുള്ളതാണ്. ഏക ടെണ്ടറായതിനാൽ 4.2.17ന് റീടെണ്ടർ നടത്തുന്നതിന് A2-4155/16 ആയി ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. റീടെണ്ടർ ഡോക്യുമെന്റ് ഫയലിൽ ലഭ്യമല്ല. എന്നാൽ മേൽ സ്ഥാപനത്തിനു തന്നെ പർച്ചേയ്സ് ഓർഡർ നൽകുകയും 5,99,245/- രൂപ നൽകി 25 കമ്പ്യൂട്ടറുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 12.5.15ലെ സ.ഉ.(എം.എസ്)13/15 ഐ.ടി.ഡി. ഉത്തരവ് പ്രകാരം അഞ്ചു ലക്ഷത്തിൽ അധികരിക്കുന്ന വാങ്ങലുകൾക്ക് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 5 ലക്ഷം രൂപയിൽ അധികരിക്കുന്ന വാങ്ങലുകൾക്ക് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്നിരിക്കെ ആദ്യ പ്രോജക്ടായ 3.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം ടെണ്ടർ ക്ഷണിക്കുകയും ലഭിച്ച ഏക ടെണ്ടർ പ്രകാരം പർച്ചേയ്സ് ഓർഡർ നൽകി പർച്ചെയ്സ് നടത്തുകയും ചെയ്തത് ശരിയായ നടപടിയല്ല. മാത്രമല്ല ലാപ് ടോപ്പുകൾ വിതരണം ചെയ്ത സ്ഥാപനവുമായി നിയമാനുസൃതം കരാറിൽ ഏർപ്പെടുകയോ ഉപകരണങ്ങളുടെ വാറണ്ടി ഉറപ്പു വരുത്തുകയോ ചെയ്തിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെടാത്ത മൂന്നുപേർക്ക് ലാപ് ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. ടി ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് ഗ്രാമസഭ, ഭരണസമിതി എന്നിവരുടെ അംഗീകാരം നേടേണ്ടതും അല്ലാത്തപക്ഷം തുക തിരികെ ഈടാക്കേണ്ടതുമാണ്. ലഭ്യമായ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ലഭിച്ച ലാപ് ടോപ്പുകൾക്ക് ടെണ്ടർ പ്രകാരം ക്വോട്ട് ചെയ്ത സ്പെസിഫിക്കേഷൻ ഉണ്ടോയെന്നും പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല.

ലഭ്യമായ ലാപ് ടോപ്പുകൾ ടെണ്ടർ പ്രകാരമുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ളവയാണോയെന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. 01.02.17-ലെ CC നം. 2(24) പ്രകാരമുള്ള സ്പെസിഫിക്കേഷൻ പ്രകാരമല്ല വാങ്ങൽ നടത്തിയിട്ടുള്ളത്. ആയതിനാൽ ഗുണഭോക്താക്കൾക്ക് ഐ.കെ.എം. നിർദ്ദേശിച്ച നിലവാരവും, വാറണ്ടിയും ഉള്ള കമ്പ്യൂട്ടറുകൾ ലഭിച്ചുവെന്ന് ഉറപ്പാക്കാനാവില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, വാറണ്ടി സംബന്ധിച്ച് സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-10 എസ്.എസ്.എ.ക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

എച്ച്.എം., ജി.എൽ.പി.എസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ട് നം. s0 46/17 പ്രകാരം 432742/- രൂപ ബിൽ നം.185/18.1.17 ആയി പിൻവലിച്ച് എസ്.എസ്.എ.യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ചെലവു തുക താൽക്കാലികമായി തടസ്സപ്പെടുത്തുന്നു.

## 3-11 സ്കൂളുകളിലേക്ക് പാത്രങ്ങൾ, മൈക്ക് സെറ്റ് വാങ്ങൽ - കരാറിലേർപ്പെട്ടിട്ടില്ല - പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല

എച്ച്.എം., ജി.എൽ.പി.എസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ട് നം. so108/17, 109/17 എന്നീ പദ്ധതികൾ പ്രകാരം മൈക്ക് സെറ്റ്, പാത്രങ്ങൾ എന്നിവ വാങ്ങിയതിന് യഥാക്രമം 99,000/- രൂപ, 1,49,656/- രൂപ എന്നിങ്ങനെ തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാങ്ങിയ ഉപകരണങ്ങളുടെ വാറണ്ടി സംബന്ധിച്ച് ആവശ്യമായ കരാറിലേർപ്പെടുകയോ തുക കൈപ്പറ്റിയതിന്റെ രസീതുകൾ ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. മൈക്ക് സെറ്റ് വാങ്ങിയ പർച്ചേയ്സ് ബില്ലിൽ തിയതി രേഖപ്പെടുത്തിയിട്ടില്ല. പ്രോക്യൂർമെന്റ് മാന്വൽ പ്രകാരം 50,000/-ൽ അധികരിക്കുന്ന വാങ്ങലുകൾക്ക് ടെണ്ടർ ക്ഷണിക്കണമെന്നിരിക്കെ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങുകയാണുണ്ടായത്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സ്കൂളുകൾക്ക് പത്രങ്ങളും ആനുകാലികങ്ങളും വിതരണം ചെയ്തതിന് തുക ചെലവഴിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

എച്ച്.എം., ജി.എൽ.പി.എസ്. നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ട് നം. so 37/17 പദ്ധതി പ്രകാരം ബിൽ നം.1267/29.3.17 ആയി 2,43,652/- രൂപ പിൻവലിച്ച് വിവിധ സ്കൂളുകൾക്ക് പത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനായി വിവിധ സ്ഥാപനങ്ങൾക്ക് മുൻകൂറായി തുക നൽകിയിട്ടുണ്ട്. 11.1.16-ലെ സ.ഉ(എം.എസ്) 4/16 ത.സ്വ.ഭ.വ മാർഗ്ഗരേഖ പ്രകാരം ഇത്തരത്തിൽ തുക നൽകുന്നതിന് വ്യവസ്ഥയില്ല. മാത്രമല്ല 12.4.16-ലെ സ.ഉ.(പി) 177/06 ധന ഉത്തരവ് പ്രകാരം മേൽ ആവശ്യത്തിനായി തുക മുൻകൂറായി പിൻവലിച്ച് നൽകുവാൻ പാടുള്ളതല്ല. ആയതിനാൽ മേൽ പ്രകാരം ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 വൈദ്യുതോപകരണങ്ങൾ വാങ്ങൽ - ഇ-ടെണ്ടർ നടപടി സ്വീകരിച്ചില്ല

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലേക്ക് എൽ.ഇ.ഡി. സാധനങ്ങൾ വിതരണം ചെയ്യുന്നതിനും (പ്രോജക്ട് നം.210/17), തെരുവു വിളക്ക് അറ്റകുറ്റപ്പണിക്ക് ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും (പ്രോജക്ട് നം.35/17) ടെണ്ടർ ക്ഷണിച്ചതനുസരിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപെടുത്തിയ മെ.വിജയ് ഏജൻസീസ്, കൊല്ലം എന്ന സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ച് നൽകുകയുണ്ടായി. സ്ഥാപനം വിതരണം ചെയ്ത ഉപകരണങ്ങളുടെ ഗുണനിലവാരം നല്ലതല്ലായെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് ഗവ. ശ്രീരാമ പോളിടെക്നിക്കിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 10.2.17-ലെ 2(3) നമ്പർ തീരുമാന പ്രകാരം ഭരണ സമിതി ടെണ്ടർ ക്യാൻസൽ ചെയ്യുകയും 10.3.17-നും 17.3.17-നും റീടെണ്ടർ നടത്തുകയും ചെയ്തു.

എൽ.ഇ.ഡി.ഡ്രൈവുകൾ, ലാമ്പുകൾ എന്നിവക്ക് 10.3.17-ന് നടത്തിയ റീടെണ്ടറിൽ സിയ ലൈറ്റിംഗ് സൊല്യൂഷൻസ്, പെരിഞ്ഞനം എന്ന സ്ഥാപനത്തിന്റെ ഏക ടെണ്ടർ മാത്രമാണ് ലഭിച്ചത്. വിജയ് ഏജൻസീസ് 300, 450, 400 എന്നിങ്ങനെ രേഖപ്പെടുത്തിയിരുന്ന ഇനങ്ങൾക്ക് റീടെണ്ടർ നിരക്കുകൾ 600, 800, 800 എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിരുന്നത്. സിയ ലൈറ്റിംഗ് എന്ന സ്ഥാപനത്തിന് 26.3.17ന് സപ്ളൈ ഓർഡർ നൽകി ബിൽ നം. 141/30.3.17 പ്രകാരം 1,00,000/- രൂപയുടെ ഉപകരണങ്ങൾ വാങ്ങുകയുണ്ടായി.

തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്ക് ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് (പ്രോജക്ട് നം.35/17) 17.3.17-ന് റീ ടെണ്ടർ നടത്തി ഏ.ബി.സി. മാർക്കറ്റിംഗ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 25.3.17ലെ ഭരണസമിതി 3(2) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് ബിൽ നം.1126/3.3.17 (Rs.98794), ബിൽ നം. 1265/29.3.17 (Rs.394206) എന്നിവ പ്രകാരം ആകെ 4,93,000/-രൂപ നൽകുകയുണ്ടായി. മേൽ സൂചിപ്പിച്ച രണ്ടു പർച്ചേയ്സിലുമായി റീ ടെണ്ടർ നടത്തി ഉയർന്ന നിരക്ക് അംഗീകരിച്ച നൽകിയതു വഴി പഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടായിട്ടുണ്ട്.

12.5.15-ലെ സ.ഉ.(എം.എസ്)13/15 ഐ.ടി.ഡി. ഉത്തരവ് പ്രകാരം അഞ്ചു ലക്ഷത്തിൽ അധികരിക്കുന്ന വാങ്ങലുകൾക്ക് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വ്യത്യസ്ത പ്രോജക്ടുകളിലായി വൈദ്യുതോപകരണങ്ങളുടെ വിതരണാവകാശം നേടിയ ഒരേ സ്ഥാപനത്തെ ടെണ്ടർ വ്യവസ്ഥകളുടെ ലംഘനം മൂലം റദ്ദാക്കുമ്പോൾ വ്യത്യസ്ത പ്രോജക്ടുകൾ എന്നു കണക്കാക്കാതെ ഒരേ ഇനം എന്ന നിലയിൽ മേൽ ഉത്തരവു പ്രകാരം ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതിനു പകരമായി വ്യത്യസ്ത തിയതികളിൽ റീടെണ്ടർ നടത്തുകയും ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ഏക ടെണ്ടർ ഉൾപ്പെടെ അംഗീകരിച്ച നൽകാനിടയായത് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യങ്ങൾക്ക് വിരുദ്ധമാണ്. 10.2.17-ലെ 2(3) നമ്പർ തീരുമാന പ്രകാരം ഭരണസമിതി ടെണ്ടർ ക്യാൻസൽ ചെയ്തിട്ടും റീടെണ്ടർ നടപടികൾ സ്വീകരിക്കാൻ കാലതാമസം ഉണ്ടാകാനിടയായത് അംഗീകരിക്കാനാവില്ല. റദ്ദാക്കപ്പെട്ട കരാറുകാരന്റെ നഷ്ടോത്തരവാദിത്വം നിർണ്ണയിച്ച് ടിയാനിൽ നിന്നും പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കുന്നതിന് നടപടി സ്വീകരിക്കണം. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 സ്റ്റോക്ക് രജിസ്റ്റർ ശരിയായി പാലിക്കാൻ നടപടി സ്വീകരിക്കണം

ഗ്രാമപഞ്ചായത്ത് 16-17 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പദ്ധതിയുടെ ഭാഗമായി വാങ്ങിയ ഫർണീച്ചറുകൾ, കംപ്യൂട്ടറുകൾ, ഇലക്ട്രിക് ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക് എൻട്രി, ഇഷ്യൂ, നീക്കിയിരുപ്പ് എന്നിവ സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ ശരിയായ രീതിയിൽ രേഖപ്പെടുത്തുകയോ, രേഖപ്പെടുത്തലുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ശരിയായ രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തി സാക്ഷ്യപ്പെടുത്തി സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
സാമ്പത്തിക വർഷത്തിൽ വാങ്ങിയ വിവിധ ഇനങ്ങളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ, പേര് | ഇനം | ബിൽ നമ്പർ/ ചെലവ് തുക | കുറിപ്പുകൾ |
|---|---|---|---|---|
| 1 | 68/17 -പോഴംകാവ് കുളത്തിന്റെ സൈഡിൽ സോളാർലൈറ്റ് സ്ഥാപിക്കൽ | സോളാർലൈറ്റുകൾ രണ്ട് സെറ്റ് | 1226/28.3.17 Rs.50000 | സ്റ്റോക്ക് രജിസ്റ്റർ രേഖപെടുത്തൽ ഇല്ല. ഇൻസ്റ്റലേഷൻ/പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല. |
| 2 | 77/17-പഞ്ചായത്ത് ഓഫീസിലേക്ക് ഫർണീച്ചർ | സ്റ്റീൽ അലമാരകൾ, സ്റ്റീൽ റാക്കുകൾ | 1202/25.3.17 Rs.29900 | സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല |
| 3 | 71/17- കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്ക് കംപ്യൂട്ടർ | കംപ്യൂട്ടറുകൾ, പ്രിന്ററുകൾ, യു.പി.എസുകൾ. | 1157/15.3.17 Rs.300000 1172/18.3.17 | സ്റ്റോക്ക് രജിസ്റ്റർ രേഖപ്പെടുത്തൽ, ഉപകരണങ്ങൾ കൈപ്പറ്റിയതിന്റെ |

| | | | | |
|---|---|---|---|---|
| | അനുബന്ധ ഉപകരണങ്ങൾ | | Rs.38320 | അക്വിറ്റൻസ് എന്നിവ ഇല്ല. കരാറിൽ വാറണ്ടി സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. |
| 4 | 70/17-കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്ക് ഫർണീച്ചറുകൾ | അലമാര, സ്റ്റീൽ ടേബിൾ, കംപ്യൂട്ടർ ടേബിൾ, കസേരകൾ | 1201/25.3.17 Rs.52350 1200/25.3.17 Rs.28324 | സ്റ്റോക്ക് രജിസ്റ്റർ രേഖപ്പെടുത്തൽ, ഉപകരണങ്ങൾ കൈപറ്റിയതിന്റെ അക്വിറ്റൻസ് എന്നിവ ഇല്ല. |
| 5 | 35/17-തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്ക് ഉപകരണങ്ങൾ വാങ്ങൽ | തെരുവ് വിളക്ക് ഉപകരണങ്ങൾ | 1126/3.3.17 Rs.98794 1265/29.3.17 394206 | സ്റ്റോക്ക് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ ഇല്ല. വിതരണ നീക്കിയിരുപ്പ് വിവരങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 6 | 207/17 മൈക്ക് സെറ്റ് വാങ്ങൽ | ആംപ്ലിഫയർ, മൈക്ക്, സ്റ്റാൻഡ്, സ്പീക്കർ ബോക്സ് | 1266/29.3.17 Rs.35855 | സ്റ്റോക്ക് രജിസ്റ്റർ രേഖപ്പെടുത്തൽ ഇല്ല |
| | ആകെ | | 1027749/- | |

ക്രമ നമ്പർ 4 പ്രകാരം നടത്തിയ വാങ്ങലിൽ 18g cushioned chair-ന് ഫിഡ്കോ, കോഴിക്കോട് രേഖപ്പെടുത്തിയ 1922/- രൂപ അംഗീകരിച്ച് 18.3.17-ൽ A2-9704/16 പ്രകാരം പർച്ചേയ്സ് ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനം 21.3.17-ന് സപ്ലൈ ചെയ്ത ബിൽ നം. 455 പ്രകാരം 18g കസേരകൾക്ക് 16g-ന്റെ വിലയായ 2922/- രൂപ നിരക്കിൽ 6 കസേരകൾക്ക് 6000/- (6x1000=6000) രൂപ അധികം കൈപ്പറ്റിയത് ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവു തുക (1027749-6000=1021749) 10,21,749/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| ക്രമ നം. | പ്രോജക്റ്റ് നമ്പർ | പദ്ധതിയുടെ പേര് | ചെക്ക്നമ്പർ/ ബിൽ നമ്പർ | തുക | തുക നൽകിയത് |
|---|---|---|---|---|---|
| 1 | 214/17 | സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ | 151/ 22.11.16 | 1497657 | എ.ഇ., ഇലക്ട്രിക്കൽ സബ്ഡിവിഷൻ, കെ.എസ്.ഇ.ബി., മതിലകം |
| 2 | 238/17 | സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ | 1224/ 28.3.17 | 78364 | ,, |
| 3 | 174/17 | വേക്കോട് സാംസ്കാരികനിലയം 3 ഫേസ് ആക്കൽ | 165/ 7.12.16 | 15000 | ,, |

| | | | | | |
|---|---|---|---|---|---|
| 4 | 8/17 | ഐ.കെ.എം. വിഹിതം നൽകൽ | 119/ 15.10.16 | 77110 | ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം |
| 5 | 212/17 | എ.ബി.സി. പദ്ധതിക്ക് ജില്ലാപഞ്ചായത്ത് വിഹിതം | 1130/ 3.3.17 | 75000 | സെക്രട്ടറി, ജില്ലാപഞ്ചായത്ത്, തൃശ്ശൂർ |
| 6 | 209/17 | തഴപായ റോഡ് - ബ്ലോക്ക് വിഹിതം | 1247/29.3.17 | 500000 | സെക്രട്ടറി, മതിലകം ബ്ലോക്ക് പഞ്ചായത്ത് |
| 7 | 190/17 | എൽ.ഇ.ഡി. സ്ഥാപിക്കൽ | 440619/ 8.9.16 | 431851 | എപ്പിലോൺ പവർ ടെക്നോളജീസ്, തൃശ്ശൂർ |
| ആകെ | | | | 26,74,982/- | |

മേൽ പദ്ധതികളുടെ നിലവിലെ സ്ഥിതി ലഭ്യമാക്കേണ്ടതും പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ലഭ്യമാക്കേണ്ടതുമാണ്. ചെലവു തുക 26,74,982/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 കാർഷിക പദ്ധതികളിലെ ഗുണഭോക്തൃവിഹിതം അക്കൗണ്ട് ചെയ്തിട്ടില്ല

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായുള്ള, ഫലവൃക്ഷത്തൈ വിതരണം

(പ്രോജക്ട് നം. SO 59/17) സ്വാശ്രയകൃഷി ഗ്രാമം (പ്രോജക്ട് നം. SO 60/17 ) എന്നീ പദ്ധതികളിൽ 25% ഗുണഭോക്തൃ വിഹിതമായി രസീതി നമ്പറുകൾ 7, 8, 9, 10/ 15799 എന്നിവ പ്രകാരം വരവു വന്ന യഥാക്രമം 15345/- രൂപയും 3640/- രൂപയും പദ്ധതിച്ചെലവു റിപ്പോർട്ടിൽ (സുലേഖ) പ്രതിഫലിക്കുന്നില്ല. പദ്ധതിക്കായി തൈകൾ വിതരണം ചെയ്ത VFPCK എന്ന ഏജൻസിക്ക് മേൽ തുക കൈമാറിയിട്ടുണ്ടോ അതോ പഞ്ചായത്തു ഫണ്ടിൽ ശേഷിക്കുകയാണോ എന്ന് വ്യക്തമാക്കേണ്ടതാണ്. കൈമാറിയിട്ടുണ്ടെങ്കിൽ ആയത് അക്കൗണ്ട് ചെയ്യാനും അല്ലാത്തപക്ഷം കൈമാറാനും നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 100000 | പാലിയേറ്റീവ് കെയർ | 90640 | 9360 |
| ജില്ല പഞ്ചായത്ത് | 2016-17 | 275000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 275000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 99900 | പകൽ വീട് | 0 | 99900 |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 200000 | ക്ഷീരകർഷകർക്ക് സബ്സിഡി | 200000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി. | S214/17 സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ | 440656/ 357103 | 2443 1497657 | 2443 1497657 | U.C. കിട്ടി |
| 2 | കെ.എസ്.ഇ.ബി. | S044/17 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിയിടൽ | 21601164 | 50000 | 50000 | U.C. കിട്ടി |
| 3 | കെ.എസ്.ഇ.ബി. | S250/17 സമ്പൂർണ്ണ വൈദ്യുതീകരണം | 21601174 | 30000 | 30000 | U.C. കിട്ടി |
| 4 | കെ.എസ്.ഇ.ബി | S231/17 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിയിടൽ | 21601318 | 116900 | 116900 | U.C. കിട്ടി |

| | | | | | | |
|---|---|---|---|---|---|---|
| 5 | കെ.എസ്.ഇ.ബി | S238/17 സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ | 21601346 | 78364 | - | 78364 |
| 6 | കെ.എസ്.ഇ.ബി | S072/17 വനിത എസ്.സി. വിപണന കേന്ദ്രത്തിൽ വൈദ്യുതി കണക്ഷൻ | 2160777 | 11800 | 11800 | U.C. കിട്ടി |
| 7 | കെ.എസ്.ഇ.ബി. | S173/17 പി.വെമ്പല്ലൂർ എസ്.സി. വിപണന കേന്ദ്രത്തിൽ വൈദ്യുതി കണക്ഷൻ | 21600859 | 15200 | 15200 | U.C. കിട്ടി |
| 8 | കെ.എസ്.ഇ.ബി. | S174/17 വേക്കോട് സാംസ്കാരിക നിലയം ത്രീ ഫെയ്സ് ആക്കൽ | 21600860 | 15000 | 15000 | U.C. കിട്ടി |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം വായ്പ എടുത്ത തുക | ആകെ | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| ഭവന നിർമ്മാണ പദ്ധതി 2015-16 | 31221/ ഡി.ബി.1/14 ത.സ്വ.ഭ.വ. തി.10.06.14 | 12600000 | 9499406 | 270000 | 9769406 | 1260000 | 1040545 | 8509406 |

# 4-5 സ്ഥിര നിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം - 12994161

തൻവർഷം നിക്ഷേപിച്ച തുക - 1163275

ആകെ - 14157436

തന്നാണ്ടിൽ പിൻവലിച്ച തുക : ഇല്ല

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം - 14157436

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം

| നിക്ഷേപത്തിന്റെ വിവരം (എഫി.ഡി. നമ്പർ) | തുക |
|---|---|
| 4094 | 1207028 |
| 28682 | 2616036 |
| 13854 | 1271832 |
| 14054 | 1212740 |
| 786/14 | 1214225 |
| 1849 | 1188239 |
| 21963 | 1226658 |
| 145854 | 1226658 |
| 14259 | 1190150 |
| 65160- - 65174 | 1803870 |
| ആകെ | 14157436 |

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി (2016-17)

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീതി നമ്പർ/ തിയതി |
|---|---|---|---|---|
| 2015-16 | എൽ.എഫ്. ഓഡിറ്റ് 2.5 | 3000 | ജിമ്മി തോമസ് | 11620104095/ 01.12.2016 |
| 2006-07 | പി.എ.യു. രണ്ടാംപാദം പാര 8 | 150 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 11620100953/ 24/05/2016 |
| 2006-07 | പി.എ.യു. രണ്ടാംപാദം പാര 8.2 | 120 | മോഹൻ സേവ്യർ | 11620101286 /06.06.2016 |
| 2015-16 | എൽ.എഫ്. ഓഡിറ്റ് 2.3 | 2500 | ഷാജിതൻ | 11620108861/ 31.03.2017 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1999-2000 മുതൽ 2001-2002 വർഷത്തെ ജനകീയാസൂത്രണം | 11 | 2003-2004 ഖണ്ഡിക 3.8.9 | ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശം പാലിച്ചില്ല. ഫില്ലിങ്ങിന് അധിക ചെലവ് | 12/08/2015-ലെ തെളിവെടുപ്പ് യോഗത്തിൽ പരിഗണനക്ക് സമർപ്പിച്ചിട്ടുണ്ട് |
| 2000-2001 | 3.5 | 2009-2010 ഖണ്ഡിക 2.8 | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് | ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 22/03/2015-ലെ എൽ.എഫ്.ടി(പി3) 1734/14 നമ്പർ കത്ത് പ്രകാരം 23575/- രൂപയുടെ തടസ്സം ഒഴിവാക്കിയതായി അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള 5565/- രൂപയുടെ വിനിയോഗ രേഖകൾ ലഭിക്കുന്നതിനായി കെ.എസ്.ഇ.ബി.ക്ക് കത്ത് നൽകിയിട്ടുണ്ട് |
| 2007-08 മുതൽ 2010-2011 വരെ | 3-12 (എ), (ബി) 3-14, 3-21, 3-34 | | | ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 17/09/2014-ലെ എൽ.എഫ് ടി.(പി3)430/14 നമ്പർ കത്ത് പ്രകാരം പ്രസ്തുത ഖണ്ഡികകൾ സമാഹൃത റിപ്പോർട്ടിലേക്ക് ശുപാർശ ചെയ്തതായി അറിയിച്ചിട്ടുണ്ട് |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 68977510 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 58198281 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 6000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4649485 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-14 | | 6000 | കെ.എസ്.രാമദാസ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 150000 | ഡോ.രജിത, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-5 | 126360 | ശ്രീജ, വി.ഇ.ഒ., പനങ്ങാട് |
| 3-10 | 432742 | ഓമന.കെ.ജെ., എച്ച്.എം., ജി.എൽ.പി.എസ്., വെമ്പല്ലൂർ |
| 3-12 | 243652 | ഓമന.കെ.ജെ., എച്ച്.എം., ജി.എൽ.പി.എസ്., വെമ്പല്ലൂർ |
| 3-14 | 1021749 | കെ.എസ്.രാമദാസ്, സെക്രട്ടറി |
| 3-15 | 2021618 | പി.വി.സാബു, സെക്രട്ടറി |
| | 653364 | കെ.എസ്.രാമദാസ്, സെക്രട്ടറി |
| ആകെ | 4649485 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.എസ്.രാമദാസ്, സെക്രട്ടറി | സെക്രട്ടറി, ശ്രീനാരായണപുരം | കാരക്കുളകത്ത് ഹൗസ്, |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്ത് | ശ്രീനാരായണപുരം |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1978-79 | എൽ.എഫ്.ടി(എസ്2)-1366/12/20.10.11 /01.02.12 | |
| 1979-80 | | |
| 1980-81 | | |
| 1981-82 | | |
| 1982-83 | | |
| 1983-84 | | |
| 1985-86 | | |
| 1988-89 | | |
| 1989-90 | | |
| 1990-91 | | |
| 1991-92 | | |
| 1992-93 | | |
| 1995-96 & 1996-97 | എൽ.എഫ്.ടി.11-372/98/7.12.98 | |
| 1997-98 | എൽ.എഫ്.ടി.19-1587/99/9.6.2000 /5.9.2000 | |
| 1998-99 | എൽ.എഫ്.ടി.12-502/94/16.04.04 | |
| 99-00 & 01-02 (പ്ളാൻ) | എൽ.എഫ്.ടി.12-1105/03/3.10.03 | |
| 99-00 | എൽ.എഫ്.ടി.12-2060/04/5.4.05 | |
| 00-01 | എൽ.എഫ്.ടി.12-226/08/20.7.09 | |
| 01-02 | എൽ.എഫ്.ടി.12-227/08/20.07.09 | |
| 02-03 | എൽ.എഫ്.ടി.12-228/08/20.07.09 | |
| 03-04 | എൽ.എഫ്.ടി.12-229/08/20.07.09 | |
| 04-05 | എൽ.എഫ്.ടി.12-61/05/21.12.09 | |
| 05-06 | എൽ.എഫ്.ടി.12-580/10/27.1.2011 | |
| 06-07 | എൽ.എഫ്.ടി.12-581/10/27.01.11/7.6.2011 | |
| 07-08 മുതൽ 2010-11 വരെ | എൽ.എഫ്.ടി(പി3)-1633/12/15.12.12 /13.3.13 | |
| 2011-12 | എൽ.എഫ്.ടി(പി3)-1938/13/6.2.14 /8.4.14 | |
| 12-13 | എൽ.എഫ്.ടി(പി3)-1034/2014/10.10.14 /5.1.15 | |
| 13-14, 14-15 | കെ.എസ്.എ.-ടി.എസ്.ആർ.(പി3)367/16 /23.03.16 | |

| | | |
|---|---|---|
| 15-16 | കെ.എസ്.എ.-ടി.എസ്.ആർ (പി3)107/2017 തിയതി 28.01.2017 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാരായാലയം,
തൃശ്ശൂർ.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.-ടി.എസ്.ആർ.(പി.3)1648/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ-20
ഫോൺ- 0487 2331240
ഇ.മെയിൽ-dotsr.ksad@kerala.gov.in
തീയ്യതി: 28/11/17

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

No.KSA.TSR(P3)1648/17

Kerala State Audit Department,
District Audit Office, Thrissur-20
Phone: 0487 2331249
E.mail- dotsr.ksad@kerala.gov.in
Date:28/11/17

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Sree Narayanapuram Grama Panchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Sree Narayanapuram Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director,
District Audit Office,
Thrissur.